ഭരണ ഭാഷ-മാതൃഭാഷ

WEC 2-9355/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 13/08/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിതാ ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

മാഡം,

വിഷയം:- വനിതാ ശിശു വികസന വകുപ്പ്-ക്ഷേമ പദ്ധതികൾ അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുന്നത്-വെബ് സൈറ്റിന്റെ ട്രയൽ -സംബന്ധിച്ച്

സൂചന:- 1. ഈ കാര്യാലയത്തിലെ 07/05/2021 ലെ ഇതേ നം. കത്ത്.
2. ഈ കാര്യാലയത്തിലെ 29/07/2021 ലെ ഇതേ നം. കത്ത്.

വനിതാ ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന സ്ത്രീശാക്തീകരണ പദ്ധതികളുടെ അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിന് രൂപീകരിച്ച വെബ് സൈറ്റ് മുഖാന്തിരം അഭയ കിരണം, മംഗല്യ, വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, പടവുകൾ എന്നീ പദ്ധതികളുടെ ട്രയൽ റൺ പൂർത്തിയാക്കി 02/08/2021 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാതിരുന്നതിനുള്ള വിശദീകരണം 17/08/2021 ന് മുൻപ് നൽകേണ്ടതാണ്. അപേക്ഷകരിൽ നിന്നും ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കേണ്ടതുള്ളതിനാൽ 12/08/2021 മുതൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ചു തുടങ്ങാവുന്നതാണ്. ആയതിനാൽ ഒരു കാരണവശാലും 13/08/2021 മുതൽ ട്രയൽ റൺ ചെയ്യാൻ പാടുള്ളതല്ല. ഓൺലൈനായി സ്വീകരിക്കുന്ന എല്ലാ അപേക്ഷകൾക്കും ജില്ലാ തലത്തിൽ ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപക പ്രചരണം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും